ഗൃമാക്കുകയും ചെയ്തു. 1998-99-ൽ ഈ മേഖലയിൽ ഉണ്ടായ നേട്ടങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

25 (*145) തെരുവുനായ്ക്കളുടെ ശല്യം തടയുന്നതിനുള്ള നടപടി

ശ്രീ. രാജു എബ്രഹാം :

ശ്രീ. വെങ്ങാനൂർ. പി. ഭാസ്കരൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ കണ്ടുവരുന്ന തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഡി) തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കാൻ സംസ്ഥാന വ്യാപകമായി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(ഇ) തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് പേ ബാധിച്ച നായ്ക്കളെ കണ്ടുപിടിച്ച് കൊല്ലുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം സംവിധാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്.

(ബി) ഉണ്ട്. തെരുവുനായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിന് വൈദഗ്ദ്ധ്യം നേടിയ ആളുകളുടെ സേവനമാണ് വിനിയോഗിക്കുന്നത്.

(സി) ഉണ്ട്.

(ഡി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സ്വീകരിച്ചുവരുന്നുണ്ട്.

26 (T*146) കാലവർഷക്കെടുതിമൂലം ഉണ്ടായ നഷ്ടം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം എന്തൊക്കെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ ജില്ലകളിലാണ് കൂടുതൽ നാശനഷ്ടം ഉണ്ടായിട്ടുള്ളത്; എത്ര തുകയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കാലവർഷക്കെടുതിമൂലം നാശനഷ്ടത്തിനിരയായവർക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് മൊത്തം എത്ര തുകയുടെ നാശനഷ്ടമാണ് ഇതുവരെ കണക്കാക്കിയിട്ടുള്ളത്; ഇതിനെ തുടർന്ന് കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഇ) സംസ്ഥാനത്ത് എത്ര ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) 22.6.1999 വരെയുള്ള കാലയളവിൽ കാലവർഷം മൂലം 39 പേർക്ക് ജീവഹാനി സംഭവിച്ചു. 53 പേർക്ക് പരിക്കുപറ്റി. 749 വീടുകൾ പൂർണ്ണമായും 13,865 വീടുകൾ ഭാഗികമായും തകർന്നു. പൂർണ്ണമായി തകർന്ന വീടുകൾക്ക് 94.62 ലക്ഷം രൂപയുടേയും ഭാഗികമായി തകർന്നതിന് 246.916 ലക്ഷം രൂപയുടേയും നഷ്ടം കണക്കാക്കുന്നു. കൃഷിനാശം മൂലം ഉണ്ടായ നഷ്ടം 2723.39 ലക്ഷം രൂപയുടേതെന്ന് പ്രാഥമികമായി കണക്കാക്കുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ് കൂടുതൽ നാശനഷ്ടം ഉണ്ടായിട്ടുള്ളത്. കൃഷി നാശം മൂലം തിരുവനന്തപുരം ജില്ലയിൽ 311 ലക്ഷം രൂപയുടേയും, കൊല്ലത്ത് 85.38 ലക്ഷം രൂപയുടേയും, പത്തനംതിട്ടയിൽ 287.83 ലക്ഷം രൂപയുടേയും, ആലപ്പുഴയിൽ 1152 ലക്ഷം രൂപയുടേയും, കോട്ടയത്ത് 119 ലക്ഷം രൂപയുടേയും, എറണാകുളത്ത് 205 ലക്ഷം രൂപയുടേയും, പാലക്കാട് 130 ലക്ഷം രൂപയുടേയും, കോഴിക്കോട് 218 ലക്ഷം രൂപയുടേയും നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. വീടിനുണ്ടായ നാശം മൊത്തത്തിൽ 341.53 ലക്ഷം രൂപായെന്നും കണക്കാക്കുന്നു.

(സി) പ്രകൃതിക്ഷോഭം മൂലം മരണമടയുന്ന പ്രായപൂർത്തിയായ ആളിന്റെ കുടുംബത്തിന് 25,000/- രൂപയും കുട്ടികളുടെ കുടുംബത്തിന് 10,000/- രൂപയും പരിക്കേറ്റവർക്ക് സർക്കാർ ആശുപത്രിയിൽ ചികിത്സ ലഭ്യമല്ലെങ്കിൽ പരമാവധി 1,500/- രൂപവരെ നൽകാനും വ്യവസ്ഥയുണ്ട്. ഈ വർഷത്തെ കാലവർഷ കാലത്ത് മരണമടയുന്ന മുതിർന്നവരുടെ കുടുംബത്തിന് 30,000/- രൂപവീതം നൽകാൻ ഉത്തരവായിട്ടുണ്ട്. കൈകാലുകളോ, കണ്ണുകളോ നഷ്ടപ്പെട്ടാൽ 10,000/- രൂപ നൽകുന്നതിനും, വീട്ടിലെ പാത്രങ്ങൾ, വസ്ത്രങ്ങൾ എന്നിവ നഷ്ടപ്പെട്ടാൽ 250/- രൂപ വീതവും നൽകാൻ വ്യവസ്ഥയുണ്ട്. പൂർണ്ണമായി നശിച്ച വീടുകൾ പുനർനിർമ്മിക്കുവാൻ 15,000/- രൂപ മൂന്ന് ഗഡുക്കളായി നൽകുവാനും, ഭാഗികനാശം സംഭവിച്ച വീടുകൾക്ക് നഷ്ട തോതനുസരിച്ച് പരമാവധി 5,000/- രൂപ വരെ നൽകുവാനും വ്യവസ്ഥയുണ്ട്. വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് വീടുവയ്ക്കുവാൻ 4 സെന്റ് ഭൂമി നൽകുവാനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ചെറുകിട/നാമമാത്ര കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടാൽ നിശ്ചിത തോതിൽ ധനസഹായം നൽകുവാൻ വ്യവസ്ഥയുണ്ട്. വള്ളം, വല, ബോട്ട് തുടങ്ങിയ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെടുകയോ നശിക്കുകയോ ചെയ്യുമ്പോഴും, പരമ്പരാഗത തൊഴിലുകാരുടെ ഉപകരണങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടം സംഭവിക്കുമ്പോൾ, കൈത്തറി മേഖലകളിൽ തറി, ഉപകരണങ്ങൾക്കു ണ്ടാകുന്ന നാശനഷ്ടങ്ങൾ തുടങ്ങിയവയ്ക്കും സഹായം നൽകാൻ വ്യവസ്ഥ യുണ്ട്.

(ഡി) വീടുകൾക്കുണ്ടായ നാശത്തിനും കൃഷി നാശത്തിനും ആയി 30.65 കോടി രൂപയുടെ നഷ്ടമുണ്ടായതായി പ്രാഥമികമായി കണക്കാക്കുന്നു. കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടില്ല.

(ഇ) 414 ദുരിതാശ്വാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. ഇവിടെ 14,300 കുടുംബങ്ങളെ പാർപ്പിച്ചിരുന്നു. ഇപ്പോൾ 4 എണ്ണം നിലവിലുണ്ട്. 54 കുടുംബങ്ങൾ ഇപ്പോഴും ക്യാമ്പുകളിൽ കഴിയുന്നു.

27 (*147) റീസർവ്വേയുടെ പ്രവർത്തന പുരോഗതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വെയുടെ പ്രവർത്തന പുരോഗതി വിശദ മാക്കുമോ;

(ബി) റീസർവ്വെ സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പലയിടങ്ങളിലും റീസർവ്വെ പൂർത്തിയാക്കാത്തതിനാൽ വസ്തുക്കളുടെ പോക്കുവരവ് സംബന്ധിച്ച് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) റീസർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും കുറ്റമറ്റതാക്കു ന്നതിനും ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കു ന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ):

(എ) സംസ്ഥാനത്ത് 31.3.1999 വരെ 790 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കുകയും, അതിൽ 653 വില്ലേജുകളുടെ റിക്കാർഡുകൾ അന്തിമമാ ക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 652 വില്ലേജ് റിക്കാർഡുകൾ റവന്യൂ ഭരണ ത്തിന് കൈമാറിയിട്ടുണ്ട്. ആകെ 22,948 ച.കി.മീറ്ററിന്റെ റീസർവ്വെ പൂർത്തിയാ ക്കിയിട്ടുണ്ട്.

(ബി) റീസർവ്വെ റിക്കാർഡുകൾ നടപ്പിലാക്കിയ വില്ലേജുകളിൽ പരാ തികൾ തീർപ്പാക്കുന്നതിന് തുടർച്ചയായി ഒരു മാസം സർവ്വെ റിക്കാർഡുകൾ വസ്തു ഉടമസ്ഥൻമാരെ കാണിച്ച് ആക്ഷേപങ്ങൾ സ്വീകരിച്ച് അവ പരിഹരി ക്കാൻ നടപടികളെടുത്തിട്ടുണ്ട്. ഇങ്ങനെ തുടർച്ചയായി സർവ്വെ അദാലത്ത് നടത്തിയ വില്ലേജുകളിൽ യഥാസമയം പരാതികൾ ഉന്നയിക്കാൻ കഴിയാത്ത വർക്കുവേണ്ടി തുടർച്ചയായി എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ച പരാതി കൾ സ്വീകരിച്ച് അവ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർച്ചയായി മൂന്നുമാസം പരാതികളൊന്നും ലഭിക്കാതാകുന്നതുവരെ എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ച നടത്തുന്ന ഈ അദാലത്ത് ബന്ധപ്പെട്ട വില്ലേ ജുകളിൽ തുടരുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly